**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6574** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാന കൈരളി എന്ന ആനുകാലിക ഗവേഷണ പ്രസിദ്ധീകരണത്തിൽ പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ ഗവേഷണ ജേർണലുകൾ പ്രസിദ്ധീകരിക്കുന്നതിന് മുൻപായി പിയർ റിവ്യൂ എന്ന പ്രക്രിയ നടത്താറുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളിയിൽ ലേഖനം പ്രസിദ്ധീകരിക്കുന്നതിന് പിയർ റിവ്യൂ സംവിധാനം നിലവിലില്ല.<br>ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസർമാരുടെ സമിതിയാണ് നിലവിൽ റിവ്യൂ നടത്തിവരുന്നത്. |
| (ബി) | ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിജ്ഞാന കൈരളിയിൽ പ്രസിദ്ധീകരിക്കപ്പെട്ട പി.എച്ച്.ഡി. വിദ്യാർത്ഥികളുടെ ഗവേഷണ ജേർണലുകളുമായി ബന്ധപ്പെട്ട് പിയർ റിവ്യൂ നടത്തിയതിന്റെ റിപ്പോർട്ടുകളും രേഖകളും അനുബന്ധ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളിയിൽ ലേഖനം പ്രസിദ്ധീകരിക്കുന്നതിന് പിയർ റിവ്യൂ സംവിധാനം നിലവിലില്ല.<br>ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസർമാരുടെ സമിതിയാണ് നിലവിൽ റിവ്യൂ നടത്തിവരുന്നത്. |
| (സി) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷമായി എത്ര പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളതെന്നും എത്ര രൂപയുടെ പുസ്തകങ്ങളാണ് നിലവിൽ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (നടപ്പ് സാമ്പത്തിക വർഷം ഉൾപ്പെടെ ) 897 ടൈറ്റിലുകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ പുസ്തകങ്ങളുടെ നിർമ്മാണ ചെലവ് 5,69,39,004/- (അഞ്ചുകോടി അറുപത്തൊമ്പത് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി നാല്) രൂപയാണ്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽവന്ന കാലം മുതൽ പ്രസിദ്ധീകരിച്ചവയിൽ 11,32,78,571/- (പതിനൊന്ന്കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തെട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തൊന്ന്) രൂപ മുഖവിലയുള്ള 8,38,067 പുസ്തകങ്ങളാണ് നിലവിൽ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റോക്കുള്ളത്. |

സെക്ഷൻ ഓഫീസർ